# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 240

28-06-2011-ൽ മറുപടി നല്കേണ്ടിയിരുന്നത്

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

**ചോദ്യം**

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

(എ) വൈദ്യുതി ചാർജ്ജ് ഇനത്തിൽ കെ.എസ്.ഇ.ബി. ക്ക് 2011 മെയ് 31 വരെ എത്ര കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട് ;

(ബി) ഇതിൽ സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, സംസ്ഥാന പൊതു മേഖലാ സ്ഥാപന ങ്ങൾ, സഹകരണ സ്ഥാപന ങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവ എത്ര കോടി രൂപ വീതം കുടിശ്ശിക ഇനത്തിൽ നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കുടിശ്ശിക പിരിച്ചെടുക്കാനായി എന്തെങ്കിലും പുതിയ സംവി ധാനത്തിന് രൂപം നൽകിയി ട്ടുണ്ടോ ;

**അന്തിമ മറുപടി**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) 2011 മെയ് 31 വരെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ കെ.എസ്.ഇ.ബി. ക്ക് 1209.38 കോടി രൂപ (ആയിരത്തി ഇരുന്നൂറ്റി ഒൻപത് കോടി മുപ്പത്തിയെട്ടു ലക്ഷം രൂപ മാത്രം) പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) ഇതിൽ ഓരോ വിഭാഗവും കുടിശ്ശിക ഇനത്തിൽ നൽകാനുള്ള തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ | 262.27 കോടി രൂപ |
| സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളും സഹകരണ സ്ഥാപന ങ്ങളും | 362.59 കോടി രൂപ |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | 9.21 കോടി രൂപ |
| സ്വകാര്യ സ്ഥാപനങ്ങൾ | 555 കോടി രൂപ |
| കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ | 0.32 കോടി രൂപ |
| കേന്ദ്ര പൊതു മേഖലാ സ്ഥാപന ങ്ങൾ | 3.78 കോടി രൂപ |
| ലൈസൻസികൾ | 16.21 കോടി രൂപ |

(സി) പുതിയ സംവിധാനം ആലോചിച്ചിട്ടില്ല. വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെ ടുക്കുന്നതിന്റെ ഭാഗമായി വൈദ്യുതി ബന്ധം വിച്ഛേദിക്കൽ, റവന്യൂ റിക്കവറി നടപടികൾ

ത്വരിതപ്പെടുത്തൽ, കുടിശ്ശികയ്ക്ക് തവണ വ്യവസ്ഥ അനുവദിക്കൽ, ഒറ്റത്തവണ തീർപ്പാക്കൽ, റവന്യൂ അദാലത്തുകൾ സംഘടിപ്പിക്കൽ, തുറന്നു പ്രവർത്തിക്കുന്ന എൽ.ടി/ എച്ച്.ടി വ്യവസായ ശാലകൾ, പ്ലാന്റേഷനുകൾ എന്നിവയുടെ പൂട്ടികിടന്ന കാലയളവിലെ ഫിക്സഡ് ചാർജ്ജ് മിനിമം ഡിമാന്റ് തുക എന്നിവ ഒഴിവാക്കി നൽകുക തുടങ്ങിയ നടപടികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സ്വീകരിച്ചു വരുന്നു.

(ഡി) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കേണ്ട സാഹചര്യം ഇപ്പോഴുണ്ടോ ; ഇത്തരത്തിലുള്ള ഒരു നിർദ്ദേശം കെ.എസ്.ഇ.ബി. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനു മുന്നിൽ ഇതിനകം സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

(ഡി) 2011-12 സാമ്പത്തിക വർഷത്തേയ്ക്ക് കേരള സംസ്ഥാന വൈദ്യുതി ബോർഡിന് 887.81 കോടി രൂപയുടെ വരുമാന കമ്മി നിലവിലുണ്ട്. വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി വൈദ്യുതി ബോർഡ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനു മുമ്പിൽ നിർദ്ദേശം സമർപ്പിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ